(ഇ) ഇപ്രകാരം പേപ്പർ കെട്ടിക്കിടക്കാൻ ഇടയായ സാഹചര്യമെന്തായിരുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 344 ടൺ 100 കി.ഗ്രാം.

(ബി) അച്ചടി വകുപ്പിന്റെ ഫോറങ്ങൾ, ബുക്കുകൾ, വിദ്യാഭ്യാസ വകുപ്പിന്റെ ടെക്സ്റ്റ് ബുക്കുകൾ എന്നിവ അച്ചടിക്കുന്നതിന്.

(സി) ഇല്ല

(ഡി&ഇ) ബാധകമല്ല.

കാസർഗോഡ് ജില്ലാ ഫോറം സ്റ്റോർ അനുവദിക്കാൻ നടപടി

276(568) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ജില്ലാ ഫോറം സ്റ്റോർ അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

മണ്ണന്തല ഗവൺമെന്റ് പ്രസ്സിൽ വാങ്ങിയ സിടിപി മെഷീൻ

277(569) ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണന്തല ഗവൺമെന്റ് പ്രസ്സിൽ വാങ്ങിയ സിടിപി മെഷീൻ നിലവിൽ പ്രവർത്തനസജ്ജമാണോ; പ്രസ്തുത മെഷീന്റെ വിലയെത്രയാണ്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മെഷീൻ വാങ്ങിയത് എന്നാണ്;

LIBRARY ARCHIVES Kerala Legislative Assembly